# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2971 07.11.2019 ൽ മറുപടിക്ക്**

## ഗ്രീൻ ബിൽഡിംഗ് പദ്ധതി

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(എ) & (ബി) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിലേക്കായി ഒരു 'ഹരിത നിർമ്മാണ ചട്ടം' പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്. ഹരിത നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനങ്ങളും വിദഗ്ധരുമായുള്ള ചർച്ചകളും നടത്തിയിട്ടുണ്ട്. 'ഹരിത നിർമ്മാണ ചട്ട'ത്തിൽ കേന്ദ്രഹരിത റേറ്റിംഗ് ഏജൻസിയായ 'ഗ്രിഹ'യുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapwd.gov.in ലും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ജീവനക്കാർക്ക് ഹരിത നിർമ്മാണ രീതിയിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. 8 ആർക്കിടെക്ടുമാർ കേന്ദ്രഹരിത റേറ്റിങ് ഏജൻസിയായ "ഗ്രിഹ"യുടെ സർട്ടിഫൈഡ് പ്രൊഫഷണൽ യോഗ്യത നേടിയവരാണ്. വകുപ്പിലെ കെട്ടിടവിഭാഗം, സാങ്കേതിക ജീവനക്കാർക്ക് ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിലുള്ള പരിശീലന ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. നിലവിൽ വാസ്തുശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന കെട്ടിടങ്ങളിൽ ഹരിത നിർമ്മാണ

| | | | |
|---|---|---|---|
| | | | തത്വങ്ങളിലെ വ്യവസ്ഥകൾ പരമാവധി ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. ഉദാ: (രജിസ്ട്രേഷൻ വകുപ്പിന്റെ നേമത്തുള്ള ഹെഡ് ക്വാർട്ടേഴ്സ്) |
| (സി) | ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര പാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സഹായം അഭ്യർത്ഥിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**